**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3194** | | **13.03.2017-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **വഴിയോര കച്ചവടക്കാർ അഭിമുഖീകരിക്കുന്ന തൊഴിൽ പ്രതിസന്ധിയും സുരക്ഷിതമില്ലായ്മയും** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.എസ്.ശർമ്മ** | | **ഡോ.കെ.ടി.ജലീൽ തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്തെ ആയിരക്കണക്കിന് വഴിയോര കച്ചവടക്കാർ അഭിമുഖീകരിക്കുന്ന തൊഴിൽ പ്രതിസന്ധിയും സുരക്ഷിതമില്ലായ്മയും അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ; | (എ) | ഇല്ല. |
| (ബി) | നോട്ടു നിരോധനത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് ജീവിതം ദുരിതത്തിലായ വഴിയോര കച്ചവടക്കാർക്ക് കച്ചവടം പുന:സ്ഥാപിക്കുന്നതിന് ബാങ്ക് വായ്പയടക്കമുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നഗര തെരുവ് കച്ചവട സംരക്ഷണ പദ്ധതി പ്രകാരം യോഗ്യരായ തെരുവോര കച്ചവടക്കാർക്ക് ബാങ്കുകൾ വഴി 'സ്വയം തൊഴിൽ വായ്പ' അനുവദിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. പ്രസ്തുത വായ്പയുടെ 7% ത്തിൽ അധികരിക്കുന്ന പലിശ ബന്ധപ്പെട്ട നഗരസഭകൾ നൽകുന്നതാണ്. . |
| (സി) | 2014 -ലെ വഴിയോര കച്ചവട ഉപജീവന സംരക്ഷണ നിയന്ത്രണ നിയമം അടിസ്ഥാന മാക്കിയുള്ള ചട്ട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; | (സി) | ഇല്ല. കരട് ചട്ടം സർക്കാരിന്റെ പരിഗണനയിൽ ആണ്. |
| (ഡി) | പ്രസ്തുത നിയമം വഴിയോര കച്ചവടക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ പര്യാപ്തമാണോ; ഇല്ലെങ്കിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നടപടി കൈക്കൊള്ളുമോ? | (ഡി) | പര്യാപ്തമാണ്. വഴിയോര കച്ചവടക്കാരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്ന വകുപ്പുകൾ നിയമത്തിലുണ്ട്. കേന്ദ്ര നിയമമായതിനാൽ നിയമഭേദഗതി വരുത്താൻ സംസ്ഥാനത്തിന് സാധിക്കില്ല. നിയമത്തിനു വിധേയമായി സംസ്ഥാനത്തെ പ്രാദേശിക വിഷയങ്ങൾക്ക് പരിഹാരം കാണുന്നതിന് ആവശ്യമായ വകുപ്പുകൾ കരട് ചട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ